(ഡി) ഇപ്പോൾ തന്നെ കിഴക്കേക്കോട്ടയിൽ നിന്ന് 5.20 -ന് ഒരു സിറ്റി ബസ് വെഞ്ഞാറമൂട്ടിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. പുതുതായി സർവ്വീസ് അനുവദിക്കാൻ ബസ്സിന്റെ അപര്യാപ്തത മൂലം നിർവ്വാഹമില്ല.

73 (1114) കെ.എസ്.ആർ.ടി.സി ക്കുവേണ്ടി സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപ ഏതെല്ലാം ബാങ്കുകളിൽനിന്നും ഇതിനകം കടം എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുപയോഗിച്ച് എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര കോടി രൂപ വായ്പയിനത്തിൽ സഹകരണ ബാങ്കുകൾക്ക് നാളിതുവരെ തിരിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും രണ്ടുകോടി എൺപത്തി ഏഴുലക്ഷം രൂപയുടെ വായ്പ ലഭിച്ചിട്ടുണ്ട്.

(സി) മുപ്പതു ബസുകൾ വാങ്ങിയിട്ടുണ്ട്.

(ഡി) വായ്പയിനത്തിൽ നാളിതുവരെ മൂലധന തിരിച്ചടവിനായി 7,59,83/-രൂപയും പലിശയിനത്തിൽ 3,41,664/-രൂപയും തിരിച്ചു നൽകിയിട്ടുണ്ട്.

74 (1115) കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിന് ചർച്ച

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഡിപ്പോയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ഗതാഗത വകുപ്പുമന്ത്രി ആലപ്പുഴയിൽ യോഗം വിളിച്ചുകൂട്ടിയിരുന്നോ;

(ബി) എങ്കിൽ യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) യോഗത്തിൽ കൈക്കൊണ്ട എന്തെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly